# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2322** — **08-07-2015 ൽ മറുപടിയ്ക്ക്.**

## ജല സംരക്ഷണവും പരിപാലനവും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.പി.എ.മാധവൻ | | ശ്രീ. പി.ജെ. ജോസഫ്<br>(ബഹു. ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | ജലസംരക്ഷണവും പരിപാലനവും ഫലപ്രദമായി നടപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **ജലസേചന വകുപ്പ്**<br><br>ജലസംരക്ഷണവും പരിപാലനവും ലക്ഷ്യമിട്ട് കുളങ്ങൾ, ചിറകൾ, കായലുകൾ, നദികൾ, തോടുകൾ എന്നിവയുടെ സംരക്ഷണ-പരിപാലന പദ്ധതികൾ ജലസേചന വകുപ്പ് നടപ്പിലാക്കി വരുന്നു. ജലസംരക്ഷണ പരിപാലനത്തിന്റെ ഭാഗമായി പാലക്കാട്, പത്തനംതിട്ട ജില്ലകളിലെ കുളങ്ങൾ സംരക്ഷിക്കുന്നതിന് കേന്ദ്രസർക്കാർ പദ്ധതിയായ "Repair, Renovation and Restoration of Water Bodies" അനുസരിച്ച് കുളങ്ങളുടെ നവീകരണ പദ്ധതി നടപ്പിലാക്കി. ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി നടപ്പിലാക്കി വരുന്നു. കായലുകൾ, തടാകങ്ങൾ എന്നിവയുടെ പരിപാലനത്തിനായി 'മാനേജ്മെന്റ് ആക്ഷൻ പ്ലാൻ' (CWRDM-കോഴിക്കോട്) തയ്യാറാക്കിയിട്ടുണ്ട്. അതിൻ പ്രകാരം ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കാൻ തീരുമാനമായവ ഏറ്റെടുത്ത് നടപ്പിലാക്കുന്നു.<br>നദികളുടെ നീരൊഴുക്ക് നിലനിർത്തുന്നതിനായി നദീതട അടിസ്ഥാനത്തിൽ ജലസ്രോതസ്സുകളുടെ പുനഃരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നു. നീരൊഴുക്ക് സ്ഥായിയാക്കുന്നതിനും, ഭൂഗർഭ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനുമായി തടയണകളും നിർമ്മിച്ചു വരുന്നു. ജലസംരക്ഷണ പരിപാലനത്തിന്റെ ഭാഗമായി നദികളിലെ നീരൊഴുക്ക് രേഖപ്പെടുത്തുന്നതിനായി 'ഹൈഡ്രോളജി പ്രോജക്ട്' നിലവിലുണ്ട്. പ്രസ്തുത വിവരശേഖരണത്തിലൂടെ ലഭ്യമാകുന്ന വിവരങ്ങളും ജലസംരക്ഷണ പരിപാലന പദ്ധതി രൂപീകരണത്തിൽ ഉപയോഗപ്പെടുത്താറുണ്ട്. ജല മലിനീകരണവും ഉപ്പുവെള്ളം കയറുന്നതും തടയുന്നതിനായി 'റെഗുലേറ്ററുകൾ' നിർമ്മിക്കുന്ന പദ്ധതികളും നടപ്പിലാക്കുന്നു. കൂടാതെ AIBP/ERM പദ്ധതികൾ വഴി ജലനഷ്ടം കുറയ്ക്കുന്നതിനും പദ്ധതിയുടെ ഗുണഭോക്തൃ പ്രദേശം വ്യാപിപ്പിക്കുന്നതിനുമുള്ള പദ്ധതികളും സാമ്പത്തിക ലഭ്യതയനുസരിച്ച് നടപ്പിലാക്കി വരുന്നു. ജലവിഭവ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനായി ജലസ്രോതസ്സുകളുടെ വിവര ശേഖരണം നടത്തി, ജി.ഐ.എസ് സങ്കേതം വഴി ഡാറ്റാ ബാങ്ക് ഉണ്ടാക്കുന്ന പ്രവർത്തനവും നടന്നു വരുന്നു. |

| | | | |
|---|---|---|---|
| | | | **കേരള ജല അതോറിറ്റി**<br><br>കുടിവെള്ള സ്രോതസ്സുകളായി ഉപയോഗിക്കുന്ന നദികളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും ജലലഭ്യത ഉറപ്പുവരുത്തുവാനുമായി തടയണകൾ കെട്ടി ജലഅതോറിറ്റി സംരക്ഷിക്കുന്നുണ്ട്. ജലസ്രോതസ്സുകൾ വേലികൾ കെട്ടിയും ജലസ്രോതസ്സുകളുടെ പരിപാലനത്തിനും സംരക്ഷണത്തിനു വേണ്ടിയും ജനങ്ങളെ ബോധവൽക്കരിക്കുവാനായി പരസ്യ ബോർഡുകൾ സ്ഥാപിച്ചും സ്രോതസ്സുകൾ സംരക്ഷിക്കുവാനായി നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ഇതിനു പുറമേ ജലസംരക്ഷണത്തിന്റേയും പരിപാലന ത്തിന്റേയും പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരി ക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ സഹായത്തോടെ പരിശീലന ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് സി.സി.ഡി.യു വഴിയാണ് പ്രസ്തുത പരിപാടി നടപ്പിലാക്കി വരുന്നത്.<br><br>**ഭൂജല വകുപ്പ്**<br><br>ഭൂജല സംരക്ഷണത്തിനും കൃത്രിമ ഭൂജല സംപോഷണത്തിനു മായി ഭൂജല വകുപ്പ് ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഭൂജല പരിപാലനവും ആസൂത്രണവും നടപ്പിലാക്കുന്നതിന് വിപുലമായ പദ്ധതികൾ നിലവിലുണ്ട്. സംസ്ഥാനത്തെ ഭൂജലത്തിന്റെ ഉപയോഗവും ഉപഭോഗവും നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനുമായി കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 നിലവിലുണ്ട്. ഇതിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**ജലനിധി**<br><br>ജലനിധിയുടെ രണ്ടാംഘട്ട പദ്ധതിയിൽ ജലസംരക്ഷണവും പരിപാലനവും നടപ്പാക്കുന്നതിന് ഭൂജല പരിപോഷണ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി ഓരോ പഞ്ചായത്തിനും 30 ലക്ഷം രൂപ വീതം വകയിരുത്തിയിട്ടുണ്ട്. ഉദ്ദേശം 25 കോടി രൂപയുടെ ഭൂജലപരിപോഷണ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും വിശദമാക്കാമോ; | (ബി) | **ജലസേചന വകുപ്പ്**<br><br>നദീതട/നീർത്തട അടിസ്ഥാനത്തിൽ ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും വഴി ജലലഭ്യത വർദ്ധിപ്പിക്കുക യാണ് മുഖ്യലക്ഷ്യം. അതുവഴി ആ പ്രദേശത്തെ ജൈവ മണ്ഡലത്തേയും സ്വാധീനിക്കുന്നതിന് സാധിക്കും. ജലസേചന ശേഷി വർദ്ധിപ്പിക്കുന്നതിനൊപ്പം ജലപരിപാലനത്തിനും ഊന്നൽ നൽകാൻ കഴിയുന്നു. ഇതുവഴി ഭൂഗർഭ ജലവിതാനം ക്രമാതീതമായി താഴാതെ സംരക്ഷിക്കാൻ കഴിയുന്നു. നെൽകൃഷിയിൽ കുറവ് വന്നിട്ടുണ്ടെങ്കിലും മറ്റ് കാർഷിക വിളകൾക്കാവശ്യമായ ജലം എത്തിക്കാൻ കഴിയുന്നു. ജലമലിനീകരണം തടയുക/ലഘൂകരിക്കുക, ജലസംരക്ഷണ പ്രവർത്തനങ്ങളിൽ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുടെ സഹകരണവും പൊതുജന പങ്കാളിത്തവും വർദ്ധിപ്പിക്കുക എന്നിവയും പദ്ധതികളുടെ ലക്ഷ്യത്തിൽപ്പെടുന്നു. |

| | | | |
|---|---|---|---|
| | | | **കേരള ജല അതോറിറ്റി**<br>കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണവും ജലലഭ്യത ഉറപ്പു വരുത്തുകയുമാണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.<br>**ഭൂജല വകുപ്പ്**<br>ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതിയിൽപ്പെടുത്തി തടയണകൾ, അടിയണകൾ, റീചാർജ് പിറ്റുകൾ, തുറന്ന കിണറുകൾ വഴിയുള്ള കിണർ റീചാർജിംഗ് എന്നിവ നടപ്പിലാക്കി വരുന്നു. ഇത് ഭൂജലത്തിന്റെ നിരപ്പ് ഉയർത്താനും അതുവഴി വേനൽക്കാലത്തെ വരൾച്ച ഒരു പരിധിവരെ കുറയ്ക്കുവാനും സാദ്ധ്യമാകുന്നു. ഭൂജല പരിപാലനത്തിനും ആസൂത്രണത്തിനുമായി കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 നിലവിലുണ്ട്. ഇതിലെ വ്യവസ്ഥകൾ നടപ്പാക്കിവരുന്നു. ഇത് കൂടാതെ സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലെയും ഭൂജല നിരപ്പ് സംബന്ധിച്ച് നടത്തുന്ന പഠനത്തിന്റെ അടിസ്ഥാനത്തിൽ (ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റി റിപ്പോർട്ട്) സംസ്ഥാനത്തിലെ ഓരോ ബ്ലോക്കിലേയും ഭൂജല ലഭ്യത, വിനിയോഗം, ബാക്കി ഉപയോഗയോഗ്യമായ ജലലഭ്യത, ചൂഷണവും അമിത ഉപഭോഗവും നടക്കുന്നവ എന്നിവയെ ക്കുറിച്ച് ശാസ്ത്രീയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തരം തിരിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>**ജലനിധി**<br>ജലസംരക്ഷണവും ഭൂഗർഭ ജലപരിപോഷണവും ആണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ജലനിധി കിണറുകളിൽ point recharge, roof water harvesting, ചെറുകിട തടയണകൾ. Gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവ്ചാൽ നിർമ്മാണം) sub-surface-dyke എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കി പാഴായിപ്പോകുന്ന മഴവെള്ളത്തെ ശുദ്ധീകരിച്ച് ജലനിധിയുടെ സ്രോതസ്സുകളെ സംരക്ഷിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമെന്ന് വെളിപ്പെടുത്താമോ; | (സി) | **ജലസേചന വകുപ്പ്**<br>ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ പദ്ധതികളുടെ ഗുണഭോക്താക്കൾക്കു പുറമേ, ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളായ CWRDM, NCESS തുടങ്ങിയവയുടെ സഹായ സഹകരണം ആവശ്യമായി വരുന്ന അവസരങ്ങളിൽ ലഭ്യമാക്കാറുണ്ട്.<br>**കേരള ജല അതോറിറ്റി**<br>കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ ധനസഹായത്തോടെ ആണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്.<br>**ഭൂജല വകുപ്പ്**<br>ഭൂജല വകുപ്പിന് കീഴിലുള്ള സ്കീമുകൾ വകുപ്പ് നേരിട്ടാണ് നടപ്പിലാക്കി വരുന്നത്.<br>**ജലനിധി**<br>ഗ്രാമ പഞ്ചായത്തുകളും ഗുണഭോക്തൃ സമിതികളുമാണ പദ്ധതിയുമായി സഹകരിക്കുന്നത്. ഗുണഭോക്ത സമിതികളും പഞ്ചായത്തു സമിതികളുമാണ് നിയമാനുസൃത |

| | | | |
|---|---|---|---|
| | | | ടെണ്ടർ/ലേബർ കോൺട്രാക്ട് എന്നിവ വിളിച്ച് പദ്ധതി നടപ്പിലാക്കി പൂർത്തീകരിക്കുന്നത്. |
| (ഡി) | പദ്ധതി നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ? | (ഡി) | **<u>ജലസേചന വകുപ്പ്</u>**<br>പദ്ധതി രേഖകൾ കേന്ദ്ര-സംസ്ഥാന സർക്കാർ മാർഗ്ഗരേഖകൾ അനുസരിച്ചും ശാസ്ത്രീയമായും തയ്യാറാക്കുന്നതിന് (GIS-GPS സങ്കേതങ്ങൾ ഉൾപ്പെടുത്തുന്നത് ഉൾപ്പെടെ) വേണ്ട പരിശീലന പരിപാടികൾ ഐ.എം.ജി-തിരുവനന്തപുരം, CWC, CWRDM, KSRSEC, നാഷണൽ വാട്ടർ അക്കാദമി, പൂനെ തുടങ്ങിയ സ്ഥാപനങ്ങൾ വഴി ഉദ്യോഗസ്ഥർക്ക് നൽകി വരുന്നു.<br>**<u>കേരള ജല അതോറിറ്റി</u>**<br>ഭരണാനുമതി ലഭിച്ച പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.<br>**<u>ഭൂജല വകുപ്പ്</u>**<br>ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി കഴിഞ്ഞ കുറേ കാലമായി വകുപ്പ് നടത്തിവരുന്നു. 2011-2012 സാമ്പത്തിക വർഷം 50 ലക്ഷം രൂപയും 2012-2013 സാമ്പത്തിക വർഷം 50 ലക്ഷം രൂപയും 2013-2014 സാമ്പത്തിക വർഷം 60 ലക്ഷം രൂപയും 2014-2015 സാമ്പത്തിക വർഷം 70 ലക്ഷം രൂപയും 2015-2016-ൽ 40 ലക്ഷം രൂപയും ഇതിനായി വകയിരുത്തിയിട്ടുണ്ട്.<br>**<u>ജലനിധി</u>**<br>പദ്ധതി ആവിഷ്കരിക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന സഹായ സംഘടനയുടെ എഞ്ചിനീയർമാരും ജലനിധിയുടെ എഞ്ചിനീയർമാരും ചേർന്ന് GWR proposals estimates എന്നിവ തയ്യാറാക്കി കെ.ആർ.ഡബ്ല്യൂ.എസ്.എ.യുടെ സാങ്കേതികാനുമതിയോടെ നടപ്പാക്കിവരുന്നു. |

**സെക്ഷൻ ഓഫീസർ**